വന്നു എന്നും എനിക്കറിവില്ല. ഞാൻ ആകെയൊന്നു് അതു പരിശോധിച്ചു. അതു് ഒരാക്റ്റാണു്. എന്റെ ജനാധിപത്യബോധം ചൊടിച്ചു. മിസ്റ്റർ ചാക്കോയും അതു ജനാധിപത്യത്തിനു പററിയതല്ലാ എന്നു സമ്മതിക്കും. അതു് ഏതോ ചില ഉദ്യോഗസ്ഥന്മാരുടെ സേവന നിയമന വ്യവസ്ഥകളൊക്കെ നിയന്ത്രിക്കാനുള്ള ഒരു ബില്ലാണു്. ആ ബിൽ ഞാൻ നോക്കിയപ്പോൾ അതിൽ ആകെ ഒരൊററ വകുപ്പാണു സാർ ഉള്ളതു്. എന്റെ സ്നേഹിതൻ മിസ്റ്റർ ചാക്കോയും അതിനെ ആക്ഷേപിക്കും. ഈ ജീവനക്കാരുടെ സേവനനിയമന വ്യവസ്ഥകളെല്ലാം ഗവൺമെൻറു തീരുമാനിക്കുമെന്നു മാത്രമുള്ള ഒരു വകുപ്പാണു് എനിക്കു് അതിൽ കാണാൻ കഴിഞ്ഞതു്. സർ, എന്റെ ജനാധിപത്യബോധത്തിനു അതു് അത്ര രുചിച്ചതായി തോന്നിയില്ല. ഇതു് അമേരിക്കയിലാണോ ഉണ്ടാക്കപ്പെട്ടതെന്നു ഞാൻ സംശയിച്ചു. അങ്ങനെയാണെങ്കിൽ അവിടെ കുത്തക മുതലാളിത്വം നടപ്പിലിരിക്കുന്ന രാജ്യമാണു്. ഇനി വല്ല അർജൻറീനായിലോ, വല്ല ആഫ്രിക്കയിലോ ആണോ എന്നും എനിക്കു സംശയമുണ്ടായി. പക്ഷെ, അതല്ല ഇനി വല്ല സോവിയററ്യൂണിയനിലും എഴുതിയുണ്ടാക്കി അവിടെനിന്നും ഇവിടെ എത്തിച്ചതാണോ? അങ്ങനെയാണെങ്കിൽ ആളുകൾ പറയുന്നതുപോലെയാണോ ഉള്ളതെന്നും ഒക്കെ ഞാൻ സംശയിച്ചു. ഞാൻ അവസാനമായി നോക്കിയപ്പോൾ കാണുന്നതു്, നമ്മുടെ ലോക്സഭയിൽ കേന്ദ്രഗവൺമെൻറു് അവതരിപ്പിച്ചു പാസ്സാക്കിയ ഒരു ബില്ലാണു് ഇതെന്നാണു. മിസ്റ്റർ ചാക്കോയുടെ അഭിപ്രായത്തിൽ ജനാധിപത്യത്തിന്റെ കേദാരമായ കേന്ദ്രഗവൺമെൻറു് അവതരിപ്പിച്ചു പാസ്സാക്കിയ, ഈ റിപ്പബ്ലിക്കിന്റെ സ്ററാററ്യൂട്ടു ബുക്കിൽ സ്ഥാനം പിടിച്ചിരിക്കുന്ന ഒരു ബിൽ, ആൾ ഇൻഡ്യാ സർവ്വീസ് ആക്ററു് 1951, എന്നറിയപ്പെടുന്ന ഒരു നിയമമാണു്.

**Mr. T. A. Thomman**: Sir, on a point of order. Is it in order to attack the proceedings of the Lok Sabha in this House?

**Mr. Speaker**: Order, order. Shri Rajagopalan Nair was only stating his opinion.

<u>ശ്രീ. എം. നാരായണക്കുറുപ്പു്</u>: അങ്ങനെ അററാക്കു ചെയ്യാൻ പാടില്ല.

<u>മി. സ്പീക്കർ</u>: ലോക്സഭാ പ്രൊസീഡിംഗ്സിനെപ്പററി Insinuating remarks പാടില്ല. പക്ഷെ, ശ്രീ. രാജഗോപാലൻ നായർ പ്രൊസീഡിംഗ്സിനെ അററാക്കു ചെയ്തില്ല. ഒരു ബില്ലിനെപ്പററി പ്രതിപാദിച്ചേയുള്ളു. അതു് അനുവദനീയമാണു്.

<u>ശ്രീ. എൻ. രാജഗോപാലൻ നായർ</u>: ഈ ബിൽ ലോകസഭയിൽ അവതരിപ്പിച്ചതും പാസ്സാക്കിയതും ജനാധിപത്യത്തിന്റെ കേന്ദ്രമായ കാൺഗ്രസ്സും, അവരുടെ കൂട്ടരും ഭരണം നടത്തുന്ന കേന്ദ്രഗവൺമെൻറാണെന്നുള്ളതു ഞാൻ പറയുമ്പോൾ എന്റെ സ്നേഹിതൻ കയർക്കരുതു്; കോപിക്കരുതു്. ഇൻഡ്യൻ അഡ്മിനിസ്ട്രേററീവു് സർവ്വീസിലേയ്ക്കുള്ള നിയമനത്തിന്റെ കാര്യവും സേവന കാര്യങ്ങളും മററും എല്ലാം കേന്ദ്രഗവൺമെൻറു തീരുമാനിക്കുന്നതാണു് എന്നു് ഒരൊററ വകുപ്പാണു് ഇതിലുള്ളതു്. പിന്നെ രണ്ടു വകുപ്പുകളും കൂടിയുണ്ടു്. ഒന്നു ബില്ലിന്റെ പേരു്. ഇങ്ങനെ ഈ പേരു വരാൻ കാര്യമെന്താണെന്നു ഞാൻ ആലോചിച്ചപ്പോഴാണു് ഇതുപോലെ ജനാധിപത്യവിരുദ്ധമെന്നു് പ്രത്യക്ഷത്തിൽ തോന്നുന്ന ചില നിയമങ്ങൾ കൊണ്ടുവരാൻ ചില കാരണങ്ങളുണ്ടെന്നു മനസ്സിലാക്കാൻ സാധിച്ചതു്. ഇതിനൊക്കെ ചില കാരണങ്ങളുണ്ടു്. ഈ സേവന നിയമന വ്യവസ്ഥകളൊക്കെ, സമഗ്രമായി ചർച്ചചെയ്തും, ബന്ധപ്പെട്ട ആളുകളോടു അന്വേഷിച്ചും ആരാഞ്ഞും, എഴുതിയുണ്ടാക്കി പാസ്സാക്കി നടപ്പിലാക്കുന്നതാണു്. അപ്പോൾ എല്ലാ വിശദാംശങ്ങളും, റൂളുകളും ഈ ബിൽ കൊണ്ടുവരുമ്പോൾ അവതരിപ്പിച്ചു പാസാക്കിയെടുക്കാൻ ഗവൺമെൻറിനു സാദ്ധ്യമല്ല. അതുകൊണ്ടാണു് ഇപ്രകാരം റൂളുകൾ ഉണ്ടാക്കാനുള്ള അധികാരം ഗവൺമെൻറിനു കൊടുത്തിരിക്കുന്നതു്. ഈ പൊതുതത്വം അതിനു പോൾബലകവുമാണു്. അതുകൊണ്ടാണു് ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള നിയമങ്ങൾ എഴുതിയുണ്ടാക്കാനുള്ള അധികാരം ഗവൺമെൻറിനുണ്ടെന്നു പറയുന്നതു്. എല്ലാ നിയമങ്ങളും ഉണ്ടാക്കുമ്പോൾ അതിന്റെ റൂളുകൾ നിയമ

LIBRARY ARCHIVES Kerala Legislative Assembly